# മലകളിലേക്കുള്ള വഴി




**ദ പാത്ത് ഓഫ് ദ ഹിൽസ്**
ജോർജ്ജ് എബ്രഹാം പൊട്ടംകുളം
സ്‌റ്റേ ഹോംസ്, കൂട്ടിക്കൽ
മുണ്ടക്കയം
വില: 3500 രൂ

## ദക്ഷിണേന്ത്യൻ തോട്ടങ്ങളുടെ ഐതിഹാസികചരിത്രവും പ്ലാന്റേഷൻ ടൂറിസത്തിന്റെ സാമ്പത്തികശാസ്ത്രവും

■ **ഷാജി ജേക്കബ്**

ഭൂതകാലം പോലെ വിലപിടിപ്പുള്ള മറ്റൊന്നും മനുഷ്യഭാവന ഇന്നോളം കണ്ടെത്തിയിട്ടില്ല. ചരിത്രം, വിജ്ഞാനങ്ങൾ, ഗൃഹാതുരത, പാരമ്പര്യം, ഐതിഹ്യം, മിത്ത് എന്നുവേണ്ട, ഭൂതകാലം ഉള്ളടക്കാത്തതായി യാതൊന്നുമില്ല. വർത്തമാനത്തെയും ഭാവിയെയും ഒരുപോലെ നിയന്ത്രിക്കുന്ന ഈ ഭൂതകാലത്തിന്റെ മാന്ത്രിക നൂലുകൾ കൊണ്ട് നെയ്തെടുക്കപ്പെട്ട ചരിത്രത്തിന്റെ ഒരു കൊളോണിയൽ പാഠമാണ് 'മലകളിലേക്കുള്ള വഴി'. (The path to the hills). മൈസൂർ, മദ്രാസ്, തിരുവിതാംകൂർ എന്ന മൂന്ന് ബ്രിട്ടീഷ് രാജ്യങ്ങളിൽ വ്യാപിച്ചുകിടന്ന പശ്ചിമഘട്ടമലനിരകളിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ തൊട്ടുള്ള ഒന്നരനൂറ്റാണ്ടുകാലത്ത് (1790–1940) രൂപം കൊണ്ട വൻകിട കാപ്പി, തേയില, ഏലം, റബ്ബർ തോട്ടങ്ങളുടെയും അവയ്ക്കുപിന്നിലെ മനുഷ്യാധ്വാനത്തിന്റെയും അവിശ്വസനീയവും ഐതിഹാസികവുമായ ചരിത്രം. ഒപ്പം, മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം ഭൂമിയുടെ അവകാശികളെയും ഭൂമിയിലെ രാജാക്കന്മാരെയും സൃഷ്ടിച്ചതിന്റെ, മിത്തുകൾ തോൽക്കുന്ന കഥയും. കന്യാവനങ്ങൾ തേടിയുള്ള ബ്രിട്ടീഷ് പ്ലാന്റർമാരുടെ മലകയറ്റവും ജന്മിത്തത്തിന്റെയും ഭൂപ്രഭുത്വത്തിന്റെയും കൊടിയിറക്കവും ഒരേ കാലത്തു സംഭവിച്ചതിന്റെ ഇതിഹാസം.

ബ്രിട്ടീഷ് പ്ലാന്റർമാരുടെ രണ്ടും മൂന്നും തലമുറകൾക്കുശേഷം തോട്ടങ്ങൾ സ്വന്തമാക്കിയവരും നേരിട്ട് തോട്ടങ്ങളാരംഭിച്ചവരുമായ ഇന്ത്യൻ പ്ലാന്റർമാരുടെ രണ്ടാമത്തെയോ മൂന്നാമത്തെയോ തലമുറ ഇന്നെത്തിനിൽക്കുന്ന ചരിത്രഘട്ടത്തിന്റെ സൃഷ്ടിയാണ് ഈ ഗ്രന്ഥം. പ്രമുഖമായ ഒരു പ്ലാന്റേഷൻ കുടുംബാംഗവും പ്ലാന്റേഷൻ ടൂറിസം സംരംഭകനുമായ ജോർജ്ജ് എബ്രഹാം പൊട്ടംകുളമാണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്. നിരവധി സ്രോതസ്സുകളിൽനിന്ന് ശേഖരിച്ച രേഖകളും സ്വന്തമായി കണ്ടെത്തിയ വിവരങ്ങളും ഒരുപോലെ ഉപയോഗപ്പെടുത്തുമ്പോഴും എഴുത്തുകാരനായല്ല, സമാഹർത്താവായാണ് ജോർജ്ജ് കൃതിയിൽ സ്വയം അടയാളപ്പെടുത്തുന്നത്.

ഇന്നത്തെ തെക്കൻ കർണ്ണാടകത്തിലും പടിഞ്ഞാറൻ തമിഴ്നാട്ടിലും കിഴക്കൻ കേരളത്തിലുമുള്ള പശ്ചിമഘട്ടമലനിരകളിൽ ലക്ഷക്കണക്കിനേക്കർ പരന്നുകിടക്കുന്ന തോട്ടവ്യവസായത്തിന്റെ ഉത്ഭവവും വളർച്ചയും വിവരിക്കുന്ന സാമ്പത്തിക ചരിത്രം മാത്രമല്ല ജോർജ്ജിന്റെ ലക്ഷ്യം. പത്തൊമ്പതാം നൂറ്റാണ്ടിലേതുൾപ്പെടെയുള്ള നൂറുകണക്കിന് ഫോട്ടോഗ്രാഫുകൾ, കൊളോണിയൽ ഭരണകൂടത്തിന്റെ സർവേ റിപ്പോർട്ടുകൾ, ആധികാരിക ചരിത്രഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികൾ, കുടുംബചരിത്രങ്ങൾ, അഭിമുഖങ്ങളും യാത്രകളും വഴി സമ്പാദിച്ച അറിവുകൾ – ഓരോന്നും മുൻനിർത്തി രചിക്കപ്പെട്ട ഒരു സാംസ്കാരിക ചരിത്രം തന്നെയാണിത്. ഘോരവനങ്ങൾ തോട്ടങ്ങളായും ആനത്താരകൾ നാഷണൽ ഹൈവേകളായും പരിണമിച്ച രണ്ടു നൂറ്റാണ്ടിന്റെ ഈ ചരിത്രം സഞ്ചരിക്കുന്നത് അധിനിവേശകർക്കൊപ്പമാണെന്ന് പ്രത്യക്ഷത്തിൽ തോന്നാ

മെങ്കിലും തോട്ടങ്ങൾ നിർമ്മിക്കാൻ പ്രകൃതിക്കും മനുഷ്യർക്കും മേൽ സാമ്രാജ്യത്വവും മുതലാളിത്തവും ലോകമെങ്ങും നടത്തിയ കൈയേറ്റങ്ങളുടെ കഥകളും ജോർജ് കാണാതെ പോകുന്നില്ല.

ഇന്ത്യൻ പശ്ചാത്തലത്തിലാകട്ടെ അയിത്താചാരങ്ങളുടെയും അടിമജീവിതത്തിന്റെയും നരകയാഥാർത്ഥ്യങ്ങൾക്കുമുന്നിൽ ഇവയോരോന്നും അവസാനിപ്പിച്ച മുതലാളിത്താധുനികതയുടെ സാമ്പത്തികയുക്തികളിലൊന്നായി പ്ലാന്റേഷൻ ചരിത്രത്തിന് ജോർജ് സാധൂകരണം കണ്ടെത്തുകയും ചെയ്യുന്നു. ബഹുരാഷ്ട്രകുത്തകകൾ മുതൽ പ്രാദേശിക കർഷകർ വരെ വെട്ടിപ്പിടിച്ച മണ്ണിന്റെ കഥയ്ക്കനുബന്ധമായി, കിടപ്പാടമോ സ്വാതന്ത്ര്യമോ പ്രാഥമിക മനുഷ്യാവകാശങ്ങളോ ഇല്ലാതിരുന്ന കീഴാളകർഷകത്തൊഴിലാളികളും അടിമജാതികളും കണ്ടെത്തിയ വിമോചനമാർഗ്ഗങ്ങളിലൊന്നായിക്കൂടി കുടിയേറ്റത്തിന്റെ ചരിത്രം വായിക്കപ്പെടണമെന്നാണ് ഈ ഗ്രന്ഥം നമ്മോടു പറയുന്നത്.

### കാപ്പിയും തേയിലയും നിറയുന്ന ജീവിതങ്ങൾ

പ്രധാനപ്പെട്ട മൂന്ന് ഭാഗങ്ങളുണ്ട് ഈ ഗ്രന്ഥത്തിൽ. മുഖ്യമായും കാപ്പിത്തോട്ടങ്ങളുടെ ചരിത്രമാണ് മൈസൂരിന്റെയും കൂർഗിന്റെയും പശ്ചാത്തലത്തിൽ ഒന്നാംഭാഗത്ത് ജോർജ് അന്വേഷിക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനദശകം മുതലാരംഭിക്കുന്നു, മധ്യ, ദക്ഷിണ കർണാടകത്തിന്റെ തോട്ടവിളചരിത്രം. അമേരിക്കൻ, യൂറോപ്യൻ കോഫീഹൗസുകളുടെ കഥ മുതൽ വയനാടൻ കാപ്പിത്തോട്ടങ്ങളുടെ തുടക്കം വരെ വിശദീകരിക്കപ്പെടുന്നു ഇവിടെ. ചിക്കമഗ്ലൂർ, ഹസൻ, കൊടക്, ബിലഗിരി രംഗൻ പ്രദേശങ്ങളിലായി പതിനായിരക്കണക്കിനേക്കർ വ്യാപിച്ചുകിടക്കുന്ന കാപ്പിത്തോട്ടങ്ങളുടെ ചരിത്രം, വിദേശികളും സ്വദേശികളുമായ പ്ലാന്റർമാരുടെ വരവും പോക്കും, തദ്ദേശീയരായ ജനവിഭാഗങ്ങളുടെ സാംസ്കാരികശൈലികൾ, കൊളോണിയൽ, നാട്ടുരാജ്യഭരണകൂടങ്ങൾ, ചരിത്രസ്മാരകങ്ങൾ, പ്രകൃതിദൃശ്യങ്ങൾ, കൃഷിരീതികൾ ഓരോന്നും ഈ ഭാഗത്തുണ്ട്. നിരവധി ചിത്രങ്ങൾ സഹിതം.

രണ്ടാംഭാഗമായ മദ്രാസ് പ്രസിഡൻസിയുടെ ചരിത്രം കുറേക്കൂടി വിപുലമാണ്. നീലഗിരി, കോയമ്പത്തൂർ, ആനമല, മലബാർ, തിരുനെൽവേലി, തേനി പ്രദേശങ്ങളുൾപ്പെടുന്ന മദ്രാസിൽ മുഖ്യമായും തേയിലയാണ് തോട്ടവിളയായി മാറിയത്. ഏർക്കാഡ് പോലെ ചിലേടങ്ങളിൽ തുടക്കം കാപ്പിയിലായിരുന്നുവെന്നുമാത്രം.

ഫ്രാൻസിസ് ബുക്കാനൻ ഉൾപ്പെടെയുള്ളവരുടെ വിഫലശ്രമങ്ങൾക്കുശേഷം കോയമ്പത്തൂർ കളക്ടറായിരുന്ന ജോൺ സള്ളിവൻ 1819-ൽ കണ്ടെത്തിയ നീലഗിരിയുടെ ചരിത്രം, പക്ഷേ, കോട്ടഗിരിയിലും പിന്നീട് ഊട്ടിയിലും കൂനൂരിലും വേരു പടർത്തിയ യൂറോപ്യൻമാരിലല്ല, തദ്ദേശവാസികളായ തോഡരിലാണ് ജോർജ് ആരംഭിക്കുന്നത്.

1834-ൽ ചൈനയിൽനിന്ന് കൊണ്ടുവന്ന തേയില നീലഗിരിയിൽ നട്ടതോടെ ദക്ഷിണേന്ത്യൻ തേയിലത്തോട്ടങ്ങളുടെയും കൊളോണിയൽ എസ്റ്റേറ്റ് ജീവിതത്തിന്റെയും ചരിത്രമാരംഭിക്കുന്നു. 1854-ൽ കുനൂരിലും 63-ൽ കോട്ടഗിരിയിലും 64-ൽ വയനാട്ടിലും ആനമലയിലും 1913-ൽ സിങ്കംപട്ടിയിലും 31-ൽ മേഘമലയിലും തേയിലകൃഷിയാരംഭിച്ചു. നൂറുകണക്കിന് ബ്രിട്ടീഷ് പ്ലാന്റർമാർ പശ്ചിമഘട്ടമലനിരകളിലെമ്പാടും കന്നിമണ്ണ് തേടിയിറങ്ങി. ഈസ്റ്റിന്ത്യാകമ്പനിയുദ്യോഗസ്ഥരും സർവേയർമാരും മിഷണറിമാരും നാട്ടുരാജാക്കന്മാരും ഭൂപ്രഭുക്കളും ഇന്ത്യൻ വ്യവസായികളുമൊക്കെ ഇവർക്ക് പിന്തുണ നല്കി.

പുതിയ ഒരു കൃഷിയും തൊഴിലും മാത്രമല്ല, പുതിയൊരു ജീവിതസംസ്കാരം തന്നെയാവുകയായിരുന്നു ഈ തോട്ടങ്ങൾ. നായാട്ട്, വനംതെളിക്കൽ, തൊഴിലാളികൾ, പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, സാമ്പത്തിക തകർച്ചകൾ, കൃഷി നാശങ്ങൾ–ഭാഗ്യനിർഭാഗ്യങ്ങളുടെ ദണ്ഡകാരണ്യങ്ങളാണ് പ്ലാന്റർമാരെ കാത്തിരുന്നത്. വന്യവും വിചിത്രവും പ്രവചനാതീതവുമായിരുന്നു പ്രകൃതിയുമായുള്ള മനുഷ്യരുടെ അത്യപൂർവ്വമായ ഈ സംഗരം സൃഷ്ടിച്ച ഫലങ്ങൾ.

മൂന്നാംഭാഗമായ തിരുവിതാംകൂർ, ഈ ഗ്രന്ഥത്തിന്റെ പകുതിയോളം കൈയടക്കിയിരിക്കുന്നു. മുഖ്യമായും



പീരുമേട്, മൂന്നാർമേഖലകളിലെ തേയിലത്തോട്ടങ്ങളുടെയും മധ്യതിരുവിതാംകൂറിലെ ഏലത്തോട്ടങ്ങളുടെയും മുണ്ടക്കയം കേന്ദ്രീകരിച്ചുള്ള റബ്ബർതോട്ടങ്ങളുടെയും ചരിത്രമാണ് ഈ ഭാഗത്തന്വേഷിക്കുന്നത്.

ഹെന്റി ബേക്കർ കുട്ടിക്കാനം കണ്ടെത്തിയതുമുതൽക്കാണ് പീരുമേടിന്റെ ആധുനിക ചരിത്രമാരംഭിക്കുന്നത്. ബേക്കർ കാപ്പിക്കൃഷിയാരംഭിച്ച പീരുമേട് ശ്രീമൂലം തിരുനാളിന്റെ കാലമായപ്പോഴേക്കും തേയിലയിലേക്കുമാറി. 1948 വരെ ബേക്കർ കുടുംബത്തിലെ വിവിധതലമുറകളുടെ ഉടമസ്ഥതയിലായിരുന്നു പീരുമേട്ടിലെ മിക്കവാറും തോട്ടങ്ങൾ. മൺറോ കുടുംബം കുറേക്കൂടി തെക്കുകിഴക്കോട്ടുനീങ്ങി ഏലത്തോട്ടങ്ങളാരംഭിച്ചു.

1862-ൽ ജനറൽ ഹാമിൽട്ടൺ ആനമുടി കണ്ടെത്തിയതായി രേഖകളുണ്ടെങ്കിലും ജെ.ഡി. മൺറോയുടെ സർവേയെ തുടർന്ന് ടർണർ സഹോദരന്മാരാണ് 1876-ൽ മൂന്നാർ കണ്ടെത്തിയത്. പിന്നീടുള്ള ചരിത്രമാകട്ടെ, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അസാധാരണമായ സംഘർഷങ്ങളുടെയും മെരുക്കലുകളുടേതുമാണ്. മിഷനറിമാരും വിദേശികളുമായ പ്ലാന്റർമാരുടെ അതിദീർഘമായ ചരിത്രം ഈ ഭാഗത്തുണ്ട്. ചിന്നംവിളികൾക്കൊപ്പം വെടിയൊച്ചകളുടെയും മുഴക്കം വായനയിൽ പ്രതിധ്വനിക്കും.

### സുദീർഘമായ റബ്ബർ ചരിത്രം

1820-ൽ തിരുവിതാംകൂർ സർക്കാർ ഏലംകൃഷിക്കായി നീക്കിവച്ച നിക്ഷിപ്തവനമേഖലയാണ് കാർഡമം ഹിൽ റിസർവ്. എങ്കിലും ഏറെക്കഴിഞ്ഞ് 1902-ലാണ് ആസൂത്രിതമായ തോട്ടവിളകളായി ഏലം കൃഷി ആരംഭിക്കുന്നത്. രണ്ടരലക്ഷം ഏക്കറിലധികം ഏലത്തോട്ടങ്ങൾ ഉടുമ്പൻചോല താലൂക്കിൽ മാത്രം ഇപ്പോഴുണ്ട്. തമിഴ്നാട്ടുകാരായ റാവുത്തർമാരും ചെട്ടിയാർമാരും ബോഡിനായ്ക്കന്നൂരിൽ നിന്നു മലകയറിയെത്തിയാണ് തിരുവിതാംകൂറിൽ ഏലത്തോട്ടങ്ങളുണ്ടാക്കിയത്. ഒരുപക്ഷേ, വിദേശികൾ കാര്യമായി ഇടപെടാതിരുന്ന ഏകതോട്ടം മേഖലയും ഏലം തന്നെയായിരുന്നു. മൂന്നാറിലേക്ക് അവർ വന്നത്, ബോഡിനായ്ക്കന്നൂർ വഴിയായിട്ടും. ഈ ഗ്രന്ഥം ഏറ്റവും ആധികാരികവും വിസ്തൃതവുമായി അന്വേഷിക്കുന്നത് റബ്ബറിന്റെ ചരിത്രമാണ്.

റബ്ബർ കൃഷിയുടെയും പ്രകൃതിദത്തവും കൃത്രിമവുമായ റബ്ബറിന്റെ ഉപഭോഗത്തിന്റെയും ആഗോളചരിത്രവും കണക്കുകളും നൽകിക്കൊ

## ലോകത്ത് സംഭവിക്കുന്നതിന് പിന്നിൽ

ലോകം നേരിടുന്ന സാമ്പത്തിക, രാഷ്ട്രീയ പ്രതിസന്ധികളുടെ കലാപങ്ങളുടെയും വംശീയതയുടെയും അടിവേരുകൾ അന്വേഷിക്കുന്ന ഈ പുസ്തകം അതിന്റെ വലുപ്പം കൊണ്ട് മാത്രമല്ല, അതിൽ ഉന്നയിക്കപ്പെടുന്ന വസ്തുതകൾ കൊണ്ടും ശ്രദ്ധേയമാകുന്നു.

നിലവിലെ സാമ്പത്തിക മാന്ദ്യം ഉൾപ്പടെയുള്ള പ്രതിസന്ധികൾ ചില സാമ്പത്തിക ശക്തികൾ ഉല്പാദിപ്പിച്ച തന്ത്രങ്ങളുടെ ഭാഗമാണെന്ന് ഗ്രന്ഥകർത്താവ് സമർത്ഥിക്കുന്നു. ഇടതു, വലതുപക്ഷങ്ങൾ ഒരു പോലെ പരിശോധിക്കാതെ വിട്ടുകളയുന്ന റോത്ത്ഫീൽഡ് സാമ്പത്തിക ധാരയെയാണ് ഈ പുസ്തകം ലോകത്തിന്റെ അന്തിക്രിസ്തുവായി ചൂണ്ടിക്കാണിക്കുന്നത്.

ആയിരക്കണക്കിന് ബിൽഗേറ്റ്സുമാരെ ഉൾക്കൊള്ളിക്കാനാവുന്ന ലോകത്തിലെ ഏറ്റവും ധനിക കുടുബമാണ് റോത്ത്ഷീൽഡെന്ന് ഗ്രന്ഥകർത്താവ് പറയുന്നു. ലോകത്തിലെ സെൻട്രൽ ബാങ്കുകളെ നിയന്ത്രിക്കുന്ന കുടുംബമാണതെന്നും വ്യക്തമാക്കുന്നു. ജീവകാരുണ്യപ്രവർത്തനമെന്നത് ലോകംകീഴടക്കാനുള്ള തന്ത്രമാണെന്ന സംശയങ്ങൾക്ക് അടിവരയിടുന്നു ഈ പുസ്തകം.

സ്വന്തം ജനതയെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുന്നതിനുവേണ്ടി സൃഷ്ടിക്കുന്നതാണ് യുദ്ധങ്ങളും ഭീകരാക്രമണങ്ങളുമെന്ന് വെളിപ്പെടുത്തുന്നു ഇതിൽ. ആഡം സ്മിത്ത്, മിൽട്ടൻ ഫ്രീഡ്മാൻ, കാൾമാർക്സ്, നോം ചോംസ്കി, നെഹ്റു, ഗാന്ധിജി, മാർക്സിസം, സോഷ്യലിസം, മുസ്‌ലിം ഭീകരവാദം എന്നിവയെല്ലാം വിമർശനാത്മകമായി പരിശോധിക്കപ്പെടുന്നുണ്ട് ഈ പുസ്തകത്തിൽ.

ആരോഗ്യരംഗത്തെ വഞ്ചനകൾ തുറന്നുകാട്ടാനുള്ള ശ്രമവും ഇതിൽ നടത്തുന്നു. പ്രത്യേകിച്ചും ലോകം ഭയപ്പാടോടെ നോക്കുന്ന എയിഡ്സ്, ക്യാൻസർ എന്നീ രോഗങ്ങളുടെ മറവിൽ നടക്കുന്ന വഞ്ചന വ്യക്തമാക്കപ്പെടുന്നു. ആഗോളതാപനത്തിന്റെ പേരിൽ പ്രചരിപ്പിക്കപ്പെടുന്ന സിദ്ധാന്തങ്ങളെയും ഈ പുസ്തകം വെല്ലുവിളിക്കുന്നുണ്ട്.

സമൂഹത്തിന്റെ എല്ലാമേഖലകളെയും പരസ്പരം ബന്ധപ്പെടുത്തുന്നതും അതിന്റെ പാരസ്പര്യത്തിലൂന്നിയുമുള്ള അന്വേഷണത്തിലൂടെ ഈ പുസ്തകം രചിച്ചിട്ടുള്ളത്. എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനം റോത്ത്ഷീൽഡിൽ കൊണ്ടു കെട്ടുന്നത് അസംബന്ധജടിലമായ വാദമാണോയെന്ന് വായനക്കാർക്കു തോന്നാമെങ്കിലും അത്തരം അന്വേഷണങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ ഇനിയുള്ള കാലം കഴിയില്ലെന്ന് ഗ്രന്ഥകർത്താവ് ഓർമ്മപ്പിക്കുന്നു.




**തകർച്ചയുടെ നിർമ്മാണം**
ഫ്രാൻസിസ് ജോസഫ്
ബെറ്റർ സൊസൈറ്റി
പബ്ലിക്കേഷൻസ്, ആലപ്പുഴ
വില: 1,500 രൂപ

ണ്ടാണ് ഇന്ത്യൻ റബ്ബർ പ്ലാന്റേഷന്റെ ചരിത്രത്തിലേക്ക് ജോർജ് കടക്കുന്നത്. മുണ്ടക്കയം കേന്ദ്രമാക്കി വികസിച്ച റബർകൃഷിയുടെ ചരിത്രവും മൂന്നാറിന്റേതെന്നപോലെ പൂഞ്ഞാർ രാജവംശത്തിൽ നിന്നാണാരംഭിക്കുന്നത്. പൂഞ്ഞാറിന്റെ നിയന്ത്രണത്തിലിരുന്ന മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലെ വനമേഖലകളാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം റബർ തോട്ടങ്ങളായി പരിണമിച്ചുതുടങ്ങിയത്. അടിമത്തൊഴിലാളികളുടെ ചോരപ്പുഴയൊഴുക്കിതെക്കെ അമേരിക്കയിൽ വികസിച്ച റബ്ബർതോട്ടങ്ങളുടെ കിരാതചരിത്രമല്ല കേരളത്തിലേത്. (ബൊളീവിയയിലും കൊളംബിയയിലും ആയിരക്കണക്കിന് അടിമകളെ കൊന്നൊടുക്കിയാണ് മൂന്നു കോടി ഏക്കർ സ്ഥലത്ത് റബ്ബർ കൃഷി വ്യാപിപ്പിച്ചത്).

ബർമ്മയിലാരംഭിച്ച ഇന്ത്യൻ റബ്ബർ കൃഷി കേരളത്തിലാരംഭിക്കുന്നത് 1879-ൽ നിലമ്പൂർ താഴ്‌വരയിലെ മുണ്ടേരി വനമേഖലയിലാണ്. 1890-ൽ ചെങ്കര, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ റബ്ബർ നട്ടു. എങ്കിലും 1902-ൽ ജെ.ജെ. മർഫി ഉൾപ്പെടെയുള്ള പ്ലാന്റർമാർ രൂപീകരിച്ച പെരിയാർ സിൻഡിക്കേറ്റാണ് കേരളത്തിൽ വിജയകരമായ റബ്ബർ കൃഷിയാരംഭിക്കുന്നത്. 1901-ൽ ഇവർ തന്നെ മൂന്നാറിനടുത്ത് മാങ്കുളത്ത് റബ്ബർ നട്ടുവെങ്കിലും 1902-ൽ തട്ടേക്കാടിനടുത്തുള്ള പെരിയാർ തീരത്ത് നട്ട റബ്ബറാണ് ആദ്യ റബ്ബർ തോട്ടമായി മാറിയത്. അങ്ങനെ മർഫി സായ്പായി കേരളത്തിലെ റബ്ബർകൃഷിയുടെ തലതൊട്ടപ്പൻ.

ഡബ്ലിനിലെ ബാങ്കറും ഷിപ്പിംഗ് കമ്പനിയുടമയുമായിരുന്നു മർഫിയുടെ പിതാവ്. എസ്റ്റേറ്റുകളുണ്ടാക്കാൻ മകനെ അദ്ദേഹം ഇന്ത്യയിലേക്കയച്ചു. ആദ്യം തേയിലത്തോട്ടവും പിന്നെ ഏലത്തോട്ടവും പരീക്ഷിച്ച് പരാജയപ്പെട്ടാണ് മർഫി റബ്ബർ കൃഷി പരീക്ഷിച്ചത്. അതുവിജയിച്ചു. താമസിയാതെ മർഫിയുടെ ആസ്ഥാനം മുണ്ടക്കയത്തേക്കുമാറി. സിലോണിൽ നിന്നുകൊണ്ടുവന്ന റബ്ബർ തൈകളും കായ്കളും നട്ട് എന്തയാറിൽ 1904-ൽ മർഫി വികസിപ്പിച്ചെടുത്ത തോട്ടത്തിനുപിന്നാലെ നിരവധി പ്ലാന്റർമാർ മുണ്ടക്കയം കാഞ്ഞിരപ്പള്ളി പ്രദേശങ്ങളിലെത്തി. രണ്ടു വർഷംകൊണ്ടുതന്നെ അയ്യായിരത്തിലധികം ഏക്കർ സ്ഥലത്ത് റബ്ബർ വ്യാപിച്ചു.

## മർഫിയുടെ പിൻതലമുറക്കാർ

ലോകത്തെ തന്നെ ഏറ്റവുമാദ്യത്തെ വൻകിട ഏലത്തോട്ടമായിരുന്നു പാമ്പാടുംപാറയിൽ മർഫി വികസിപ്പിച്ചെടുത്തത്. അസാമാന്യമായിരുന്നു മർഫിയുടെ വ്യക്തിത്വം. ഇന്ത്യയിലും ലണ്ടനിലും നിരവധി കുതിരയോട്ടമത്സരങ്ങളിൽ പങ്കെടുത്ത മർഫി ഒരൊറ്റ ദിവസം തന്നെ അഞ്ചുമത്സരങ്ങളിൽ വിജയിച്ചിട്ടുണ്ടത്രേ. സ്വന്തം തൊഴിലാളികളുടെ ശവകുടീരങ്ങൾക്കിടയിലാവണം തന്റെയും അന്ത്യവിശ്രമം എന്നദ്ദേഹം ചട്ടംകെട്ടിയിരുന്നു. എന്തയാറിൽ ഇപ്പോഴുമുണ്ട് ഒരു റബ്ബർ തോട്ടത്തിനുനടുവിൽ തന്റെ തൊഴിലാളികളുടെ ശവകുടീരങ്ങൾക്കൊപ്പം മർഫിയുടെയും ശവകുടീരം. ഒപ്പം വിസ്മയകരമായ ഒരുപാട് മർഫിക്കഥകളുടെ ഐതിഹ്യമാലയും.

1910-ൽ ആലപ്പുഴക്കാരൻ പി. ജോൺ മാമ്മൻമാപ്പിളയുൾപ്പെടെയുള്ളവരെ പങ്കാളികളാക്കി തൊടുപുഴയാറിന്റെ തീരത്താരംഭിച്ച മലങ്കര എസ്റ്റേറ്റാണ് മലയാളി പ്ലാന്റർമാരുടെ ചരിത്രത്തിനു തുടക്കമിട്ടത്.

തോട്ടങ്ങളുടെ ഈ വിസ്തൃത ചരിത്രത്തിനുമേലാണ്, ജോർജ്ജ് എബ്രഹാം തന്റെ ഗ്രന്ഥത്തിന്റെ വർത്തമാനകാല പ്രസക്തി നിർമ്മിച്ചെടുക്കുന്നത്. പച്ച പുതച്ച തോട്ടങ്ങളും അനാദികാലം മുതലുള്ള നിശബ്ദതയും ശൈത്യം ഘനീഭവിച്ച മലഞ്ചെരിവുകളും ചരിത്രമുറങ്ങുന്ന എസ്റ്റേറ്റ് ബംഗ്ലാവുകളും കേന്ദ്രീകരിച്ച് ലോകപ്രസിദ്ധി നേടിക്കഴിഞ്ഞ പ്ലാന്റേഷൻ ടൂറിസത്തിന്റെ സാധ്യതകളാണ് ജോർജ് വരച്ചിടുന്നത്. ഉപാസിയിലും ജോർജിന്റെ തന്നെ സ്വകാര്യശേഖരത്തിലും നിന്നുള്ള നൂറുകണക്കിനു ഫോട്ടോകളാണ് ഈ ഗ്രന്ഥത്തെ സവിശേഷമാക്കുന്ന ഒരു ഘടകം. ബ്രിട്ടീഷ് പ്ലാന്റർമാരുടെ നായാട്ടുദൃശ്യങ്ങൾ മുതൽ മുല്ലപ്പെരിയാർ ഡാമിന്റെ നിർമ്മാണഘട്ടത്തിന്റെ ദൃശ്യങ്ങൾ വരെ, ജനറൽ ഹാമിൽട്ടൺ കണ്ട ആനമുടിയുടെ ചിത്രം മുതൽ തോഡരുടെയും കൊറഗരുടെയും ചിത്രങ്ങൾ വരെ, പശ്ചിമഘട്ടമലനിരകളുടെ വർത്തമാനകാലചിത്രങ്ങൾ മുതൽ കൊളോണിയൽ എസ്റ്റേറ്റ് ബംഗ്ലാവുകളുടെ ഉൾത്തളങ്ങൾ വരെ.

കാപ്പി, തേയില, ഏലം, റബ്ബർ എന്നീ നാണ്യവിളകളെ തോട്ടകൃഷിയായി പരിണമിപ്പിച്ച കൊളോണിയൽ സമ്പദ്ഘടനയുടെ അതിദീർഘമായ ചരിത്രത്തിനുസമാന്തരമാണ് സാമൂഹ്യപരിവർത്തനത്തിന്റെയും വിദ്യാഭ്യാസപ്രവർത്തനത്തിൻെറയും അച്ചടിയുടെയും അച്ചുതണ്ടായി മാറിയ മിഷനറി രാഷ്ട്രീയവുമെന്ന നിരീക്ഷണം ഈ ഗ്രന്ഥത്തിന്റെ ചരിത്രപരത ഊട്ടിയുറപ്പിക്കുന്നു. പ്ലാന്റേഷൻ ടൂറിസത്തിന്റെ വർത്തമാനകാലവിപണി രാഷ്ട്രീയത്തിലേക്ക് വളർന്നെത്തിയ കൊളോണിയലിസത്തിന്റെ സാംസ്കാരികചരിത്രമായി മാറുന്നു, അതുവഴി ഈ ഗ്രന്ഥം. ■


now on sale

The Malabar Muslims
A Different Perspective
LRS Lakshmi
₹ 595

The End And The Beginning : Pope John Paul II
The Victory Of Freedom, The Last Year, The Legacy Environmental issues
George Weigel
₹ 650

Jawaharlal Nehru: A Biography (3 volumes)
An Exceptionally Good Biographical Study
Sarvepalli Gopal
₹ 2250

The Cloud Forest
A Chronicle of the South American Wilderness
Peter Matthiessen
₹ 583

MODERN bookcentre
mbc
modern@asianetindia.com
Gandari Amman Kovil Road, TRIVANDRUM - 1
Tel: 2331826/16, 2333987 Fax: 0471-2333186